**Deepika**

**19 August 2018**

**Kochi, Flood, Rescue Operation**

# വിശ്രമമില്ലാതെ രക്ഷാപ്രവർത്തനം

**കൊച്ചി:** പ്രളയക്കെടുതികൾ രൂക്ഷമായി തുടരുമ്പോൾ ദുരന്തമുഖത്ത് വിശ്രമില്ലാതെ രക്ഷാപ്രവർത്തനത്തിലാണ് വിവിധ സേനകളും നാട്ടുകാരും. ഇതുവരെ ജില്ലയിലെ വിവിധ പ്രളയബാധിത മേഖലയിൽ നിന്ന് 54,800 പേരെ രക്ഷപ്പെടുത്തി. ബോട്ട്, ഹെലികോപ്ടർ, ചെറുവഞ്ചികൾ എന്നിവയിലൂടെയും ബാർജിലൂടെയുമാണ് ഇവരെ രക്ഷിച്ചത്. ഇന്നലെ ഉച്ചകഴിഞ്ഞ് വെള്ളമിറങ്ങിയതോടെ നിരവധി പേർ റോഡ് മാർഗവും രക്ഷപ്പട്ടു. 15 പേരെ വ്യോമസേനയും 237 പേരെ നേവിയുമാണ് രക്ഷപ്പടുത്തിയത്. ഹെലികോപ്ടർ വഴി ആകെ 252 പേരെയാണ് ഇന്ന് രക്ഷപ്പെടുത്തിയത്. രാത്രി വൈകിയും രക്ഷാപ്രവർത്തനം തുടരുകയാണ്.

വെള്ളക്കെട്ട് മൂലം ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കോസ്റ്റ് ഗാർഡിന്റെയും നാവിക സേനയുടെയും സംഘം രക്ഷാപ്രവർത്തനം തുടരുകയാണ്. മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളും വഞ്ചികളും രക്ഷാപ്രവർത്തനത്തിന് സജീവമായി രംഗത്തുണ്ട്. വാർത്താവിനിമയ ബന്ധങ്ങൾ തകരാറിലായത് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കുടുങ്ങിയവരെ രക്ഷിക്കുന്നതിന് തടസം നേരിടുന്നുണ്ട്.